# GULF MADHYAMAM NEWS REPORT

# ജിറ്റെക്സ്: പുതിയ സാധ്യതകൾ പരിചയപ്പെടുത്തി കേരള പവലിയൻ

വി. എം. നവാസ്

ദുബൈ: ലോകത്തെ ഏറ്റവും വലിയ വിവര സാങ്കേതിക മേളകളിലൊന്നായ ജിറ്റെക്സിനോടനുബന്ധിച്ച് സംസ്ഥാനത്തെ ഐ.ടി മേഖലയുമായി ബന്ധപ്പെട്ട സാധ്യതകൾ പരമാവധി പരിചയപ്പെടുത്താനുള്ള ശ്രമത്തിലാണ് കേരളം. ഈ രംഗത്ത് മികച്ച സേവനം നടത്തുന്ന, കേരള സർക്കാരിൻെറ വിവര സാങ്കേതിക വകുപ്പിൻെറ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ടെക്നോ പാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നീ ഐ.ടി കമ്പനികളുടെ ഉന്നത ഉദ്യോഗസ്ഥരാണ് കേരള പവലിയനിലുള്ളത്.




*ജിറ്റെക്സിലെ കേരള പവലിയൻ*

**കേരളത്തെ** പ്രധാന ഐ.ടി കേന്ദ്രമാക്കി മാറ്റുന്നതിൻെറ ഭാഗമായി പരമാവധി മൂലധന നിക്ഷേപം ലക്ഷ്യമിടുന്നതായി കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എം.ഡി കെ.ജി ഗിരീഷ് ബാബു 'ഗൾഫ് മാധ്യമ'ത്തോട് പറഞ്ഞു. 300 ഏക്കറിലായി പരന്നുകിടക്കുന്ന ഇൻഫോ പാർക്കിൽ മാത്രം 32,000ത്തോളം പേർ തൊഴിലെടുക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നടക്കം 250 ഓളം പ്രമുഖ കമ്പനികൾ ഇവിടെ പ്രവർത്തിക്കുന്നു.

ഐ.ടി ഹബ്ബുകളും പാർക്കുകളുമടക്കം സംസ്ഥാനത്തെ സാധ്യതകളും അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നതായി ടെക്നോ പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ മെർവിൻ അലക്സാണ്ടർ പറഞ്ഞു. ഐ.ടി രംഗത്ത് കേരള സർക്കാർ വളരെ പ്രാധാന്യത്തോടെയാണ് നിക്ഷേപം നടത്തുന്നത്. കേരളത്തിൻെറ സൗഭാഗ്യമായ മനുഷ്യവിഭവശേഷി പരമാവധി സംസ്ഥാനത്തിന് വേണ്ടി തന്നെ ഉപയോഗപ്പെടുത്താനുള്ള എല്ലാ പ്രോത്സാഹനവും നൽകാൻ തയാറാണെന്ന് ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ജിജോ ജോസഫ് പറഞ്ഞു.

കേരളത്തിൽ നിന്ന് പത്തോളം ഐ.ടി കമ്പനികളാണ് ഇത്തവണ ജിറ്റെക്സിൽ രജിസ്റ്റർ ചെയ്തത്. ഇതിൽ നാല് കമ്പനികൾ പ്രദർശനത്തിന് എത്തിയിട്ടുണ്ട്. മറ്റുള്ളവർ ഇന്നും നാളെയുമായി എത്തുമെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു. തങ്ങളുടെ പുതിയ ഉൽപന്നമായ 'ബ്ലാക്ക് ബോക്സ്' എന്ന ആൻറി വൈറസിന് സന്ദർശകരിൽ നിന്ന് ലഭിച്ച മികച്ച സ്വീകാര്യതയിൽ സന്തോഷവാനാണ് കോഴിക്കോട് ടെക്നോപാർകിൽ പ്രവർത്തിക്കുന്ന സൈബറോസിസ് ടെക്നോളജീസ് മാനേജിങ് ഡയറക്ടർ സൈനുൽ ആബിദീൻ. ഹൗസ്ബോട്ട് മാതൃകയിൽ പണിതീർത്ത കേരള പവലിയൻ സന്ദർശകരുടെ ആകർഷക കേന്ദ്രമായി മാറിയിട്ടുണ്ട്.